**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4021 25.06..2014-ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളിലെ മരുന്നു ക്ഷാമം

| ചോദ്യം<br>ശ്രീ. കെ. അജിത് | മറുപടി<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) മഴക്കാലങ്ങളിൽ പടർന്നുപിടിക്കാനും, പിടിപെടാനും സാധ്യതയുണ്ടെന്നു കരുതുന്ന രോഗങ്ങൾക്കുള്ള പ്രതിരോധ മരുന്നുകൾ എല്ലാ ജില്ലകളിലും ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; മരുന്നുകൾക്ക് ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മഴക്കാലങ്ങളിൽ പടർന്നുപിടിക്കാനും, പിടിപെടാനും സാധ്യതയുള്ള രോഗങ്ങൾക്കുള്ള പ്രതിരോധ മരുന്നുകൾ എല്ലാ ജില്ലകളിലും ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. |
| ബി) എച്ച്1 എൻ1 രോഗികൾക്കുള്ള മരുന്നുകൾക്ക് സർക്കാർ ആശുപത്രിയിൽ ക്ഷാമമുള്ളതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ മരുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ? | (ബി) മഴക്കാലത്തോടനുബന്ധിച്ച്, രോഗികളുടെ ചികിത്സയ്ക്കായി, അധിക ഉപയോഗത്തെ തുടർന്ന് എച്ച്1 എൻ1 മരുന്നിന്റെ സ്റ്റോക്ക് ചില ആരോഗ്യ കേന്ദ്രങ്ങളിൽ കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന് അടിയന്തിരമായി കേന്ദ്ര ആരോഗ്യമന്ത്രാലയത്തെ വിവരം അറിയിക്കുകയും, അവിടുന്ന് വിമാന മാർഗ്ഗം മരുന്ന് എത്തിക്കുകയും, പ്രസ്തുത മരുന്നുകൾ ജില്ലകളിലേയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ